Malappuram District Police

## 23/02/2018 പെരിന്തൽമണ്ണ

ജില്ലയിലെ ചെറുകിട കച്ചവടക്കാർക്കും വിദ്യാലയ പരിസരങ്ങളിലും വിൽക്കാനായി കൊണ്ടുവന്ന 7500 പാക്കറ്റ് ലഹരിഉത്പന്നങ്ങളുമായി മൂന്നുപേരെ പെരിന്തൽമണ്ണയില് അറസ്റ്റുചെയ്തു. മണ്ണാർക്കാട് കോട്ടോപ്പാടം സ്വദേശികളായ വളപ്പിൽ ഷൗക്കത്ത് (23), വളപ്പിൽ ഫൈസൽ(25), പുത്തൻപീടികയില് മുഹമ്മദാലി(31) എന്നിവരെയാണ് ഡിവൈ.എസ്.പി. എം.പി. മോഹനചന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റുചെയ്തത്.

രഹസ്യവിവരത്തെത്തുടർന്ന് സ്കൂള് വിദ്യാർഥികളെ നിരീക്ഷിച്ചാണ് ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തിയതെന്ന് പോലീസ് പറഞ്ഞു. പോലീസ് ഇൻസ്പെക്ടര് ടി.എസ്. ബിനു, എസ്.ഐമാരായ വി.കെ. കമറുദ്ദീൻ, സുരേന്ദ്രന് എന്നിവരുടെ നേതൃത്വത്തില് ഷാഡോ പോലീസ് ഉദ്യോഗസ്ഥരായ സി.പി. മുരളീധരൻ, പി.എൻ. മോഹനകൃഷ്ണൻ, എൻ.ടി. കൃഷ്ണകുമാർ, പി. അനീഷ്, എം.കെ. വിനീത്, പി. സലീന എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.